പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2323 18.06.2014 ൽ മറുപടിക്ക്

**കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മേലടി, തിരുവണ്ടൂർ എന്നീ പി.എച്ച്.സി.കൾ സി.എച്ച്.സി. ആയി ഉയർത്തിയ നടപടി**

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മേലടി, തിരുവണ്ടൂർ എന്നീ പി.എച്ച്.സി.കൾ സി.എച്ച്.സി. ആയി ഉയർത്തിയത് എന്നാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | മേലടി പി.എച്ച്.സി യെ സി.എച്ച്.സി യായി ഉയർത്തിയത് 2008-ൽ ആണ്. കൊയിലാണ്ടി മണ്ഡലത്തിൽ തിരുവണ്ടൂർ എന്ന സി.എച്ച്.സി നിലവിലില്ല. തിരുവങ്ങൂർ സി.എച്ച്.സി ആണുള്ളത്. പ്രസ്തുത പി.എച്ച്.സി യെ സി.എച്ച്.സി യായി ഉയർത്തിയത് 2009-ൽ ആണ്. സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഈ രണ്ട് സി.എച്ച്.സി .കളിലും സി.എച്ച്.സി.ക്കുവേണ്ടതായ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കുമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേലടി സി.എച്ച്.സി യിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. തിരുവങ്ങൂർ സി.എച്ച്.സി യിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ഡി) | ഈ രണ്ട് സി.എച്ച്.സികളിലും സ്റ്റാഫ് പാറ്റേൺ പ്രാവർത്തികമാക്കാനും തസ്തിക അനുവദിക്കാനും ജീവനക്കാരെ നിയമിക്കാനും നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്